# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 215 — 12.02.2019 ലെ മറുപടി

### കുട്ടനാടിനെ പ്രളയത്തിൽ നിന്ന് സംരക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.എസ്.ശർമ്മ<br>,, കെ.സുരേഷ് കുറുപ്പ്<br>,, സജി ചെറിയാൻ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാടിനെ വർഷകാല പ്രളയത്തിൽ നിന്ന് സംരക്ഷിക്കാനുള്ള തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനായുള്ള ആദ്യഘട്ട പദ്ധതിക്ക് അനുവദിച്ച തുക ഉപയോഗിച്ച് സ്പിൽവേയുടെ നിലവിലുള്ള 40 പഴയ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. സ്പിൽ വേയുടെ കിഴക്ക് ഭാഗത്തുള്ള കായൽ ഡ്രഡ്ജിംഗ് പണികൾ ഭാഗികമായി മെക്കാനിക്കൽ വിഭാഗം നേരിട്ട് നടത്തി. ഈ പദ്ധതി ക്ക് ഇതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>തോട്ടപ്പള്ളി പൊഴിമുഖത്ത് നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്.<br>നീരൊഴുക്കിന് തടസ്സമായി സ്പിൽവേ ചാനലിൽ പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ ലേലത്തിലൂടെ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

2019 -20 ലെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിക്കുകയും തോട്ടപ്പള്ളി സ്പിൽവേയുടേയും ലീഡിംഗ് ചാനലിന്റെയും നവീകരണത്തിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. ശാസ്ത്രീയ പഠനത്തോടെ പൊഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കു ക.
2. സ്പിൽവേ മുതൽ കടൽ വരെയുള്ള ചാനലിന്റെ തീര സംരക്ഷണം
3.തോട്ടപ്പള്ളിയിലേക്ക് പമ്പ, അച്ചൻകോവിൽ നദികളിലൂടെ എത്തുന്ന പ്രളയ ജലം സുഗമമായി ഒഴുകിയെത്തുന്ന ചാനലുകളുടേയും തോടുകളുടെയും നവീകരണം
4. ആവശ്യമായ സ്ഥലങ്ങളിൽ ഫ്ളഡ് റെഗുലേറ്ററുകൾ സ്ഥാപിക്കുക.
5. സ്പിൽവേ ഷട്ടറുകൾ പ്രവൃത്തിപ്പിക്കുന്നതിനായുള്ള വൈദ്യുതീകരണ പ്രവൃത്തികൾ
6. സ്പിൽവേ സ്ട്രക്ച്ചറിലെ മെക്കാനി. ക്കൽ വർക്കുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുക

(ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ;

(ബി) കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർ – ഡിൽ ഉൾപ്പെടുത്തി 3 സ്കീമുക ൾ പൂർത്തീകരിച്ചു. 7 സ്കീമുകളിൽ 4 സ്കീമുകൾക്ക് കേന്ദ്രാനുമതി ലഭി – ച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ കെ.ഇ.എൽ-1, കെ.ഇ.എൽ-2, കെ.ഇ. എൽ-3, കെ.ഇ.എൽ-4 എന്നീ സ്കീമുകളിൽ കെ.ഇ.എൽ-1, കെ.ഇ.എൽ-2 പൂർത്തീകരിച്ചു. കെ.ഇ.എൽ-3, കേരളത്തിലെ കുട്ടനാട് മേഖലയിലെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളിൽ 94 പാടശേഖരങ്ങൾക്കായി 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 46 പ്രവൃത്തികൾ പൂർത്തീകരിച്ചു. 5 വർക്കുകൾ ടെർമിനേറ്റ് ചെയ്യുകയും 4 പ്രവൃത്തികൾ ഫോർക്ലോസ് ചെയ്യുകയും ചെയ്തു. 2 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. കെ.ഇ.എൽ 4 - ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ - 5 വാട്ടർ ഷെഡുകളിലായി 21 വർക്കുകൾ എഗ്രിമെന്റ് വെച്ച് പണി

പുരോഗമിക്കുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു.

തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ടം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിൽ സിവിൽ വർക്കുകൾ 91.35%വും, മെക്കാനിക്കൽ പ്രവൃത്തികൾ 99%വും, ഇലക്ട്രിക്കൽ പ്രവൃത്തികൾ 72%വും പൂർത്തീകരിച്ചു. മൂന്നാംഘട്ടത്തിന്റെ ഭാഗമായുള്ള മൺചിറ നീക്കം ചെയ്യുന്നതായ പണികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിലും വേമ്പനാട് കായൽ സംരക്ഷണം കണക്കിലെടുത്തും പമ്പാനദിയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും തീര സംരക്ഷണത്തിനും അനിവാര്യമായ പമ്പാനദീ സംരക്ഷണ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

(സി) വേമ്പനാട്ട് കായൽ സംരക്ഷണം കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി കായലും ജലാശയങ്ങളും ശുചീകരിക്കുക, പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ജനപങ്കാളിത്തത്തോടെ നീക്കം ചെയ്യുക, ചെളി വാരി കായലിന് ആഴംകൂട്ടുകയും പുറംബണ്ടുകൾ പുനർ നിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യുക എന്നീ പ്രവൃത്തികൾ ആവിഷ്കരിച്ച് വരുന്നു.

പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.5 കോടി രൂപയുടെ അംഗീകാരം നല്കി. നിലവിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 2 ആണ് അതോറിറ്റിയുടെ പ്രോജക്ട് ഡയറക്ടർ. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിൻറെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ

ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ സമഗ്രമായ മാസ്റ്റർ പ്ലാൻ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പ്രോജക്ട് II, ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി സൂപ്രണ്ടിംഗ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ സൗത്ത് സർക്കിൾ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**